Ishal Paithrkam
Issue-43, September 2025
journal home page: https://ojs.ishalpaithrkam.info



Arabic Malayalam: Language and Culture

Prof. Shamshad Hussain KT

Arabi Malayalam can be explained in the simplest way as a way of writing Malayalam in Arabic scripts. It is said that it was created for the Arab traders who came to Kerala; and for religious studies. In any case, Arabi Malayalam retains many words that are foreign to today's Arabic and Malayalam. It contains many old words that Malayalam has abandoned in course of time. Many local expressions in circulation at different times also found their place in the language. Arabi Malayalam has given literary status to any words and expressions that people use orally. "It indebted not only to the Arabic language",observes O. Abu. "Its linguistic diversity is unique. Words from oriental languages such as Arabic and Persian, words from Indian languages such as Urdu and Sanskrit, and words from South Indian languages such as Tamil, Kannada and Tulu, sometimes in the form of synonyms and often in the form of derivatives, have gained a wide place in the Arabi Malayalam language. In the same way, the grammars and styles of the said language have also established themselves in the Arabi Malayalam language, with or without contextual changes." (Page 7)It is recorded that not only words but also styles and grammatical matters have been incorporated into it. However, the argument in this book is that this is a regional/national language. Similarly, there are Arabi Malayalam scholars who argue that Arabi Malayalam has the status of an independent language. There have been works in Arabi-Malayalam in prose and poetry. It includes not

only literary works but also scientific texts, religious texts, and philosophical and historical texts. In addition, there were many periodicals, publications, and pamphlets in the Arabi-Malayalam language.In addition to Sanskrit translations such as Ashtanga Hridayam, many other medical books have been written in Arabi Malayalam. N.V.P. Unithiri has spoken about Muslim physicians who were Sanskrit scholars in many speeches. A special method of writing and preserving medicine was developed in Arabi Malayalam. Such notes were written separately in Arabic Malayalam scripts, avoiding the method of writing together. Such medical books may have been helpful for many physicians who could not pursue academic studies.

Keywords: Arabi-Malayalam, Mappila Culture, Malabar, Kerala tradition, Mappila Song

References:

Abu, O. (1970), Arabi malayala Sahitya caritram, Kottayam: S.P.C.S.

Aboobaker P.A, (2018), *Arabi - Malayalam: Malayalathinte Classical Bhavangal*, Kondotty: Mahakavi Moinkutty Vaidyar Mappila Kala Academy.

S Ulloor, (1953), *Kerala Sahithya Charithram*, Thiruvanathapuram: Sayahna Foundation.

Kutty V.M, (2000), *Mappila Pattinte Lokam,* Kozhikode: Lipi Publication.

Ahamad Maulavi,C.N. & Muhamad Abdulkarim,K.K. (2022), *Mahathaya Mappila Sahithya Parambaryam,* Kondotty: Mahakavi Moinkutty Vaidyar Mappila Kala Academy.

Muhammad V.P, (2015) Mappilappattukal Noottandukaliloote, Thrissur: Current Books

Vallikummu. Balachendran, (2011), *Mappila Sahithya Padanangal*, Thiruvanathapuram: Kerala Bhasha Institute.

Muhammed Ahamed, (2009), *Mappila Folklore,* Kannur: Samayam publication

Secratary, Mappila Kala Academy, (2015), *Mahakavi Moyinkutty Vaidyarude Sampoorna Krithikal - Volume 02*, *Mahathaya Mappila Sahithya Parambaryam,* Kondotty: Mahakavi Moinkutty Vaidyar Mappila Kala Academy.

Dr Shamshad Hussain KT
Professor
Department of Malayalam
Sree Sankaracharya University of Sanskrit
Regional Centre Tirur
Pin: 676 301
India
email: shamshadkt@ssus.ac.in
ORCID: 0000-0002-2757-3575

Ishal Paithrkam
Issue-43, September 2025
journal home page: https://ojs.ishalpaithrkam.info

അറബി മലയാളം: ഭാഷയും സംസ്കാരവും

ഷംഷാദ് ഹുസൈൻ കെ.ടി

അറബി ലിപികളിൽ മലയാളമെഴുതുന്ന രീതി എന്ന് ഏറ്റവും ലളിതമായ രീതിയിൽ അറബി മലയാളത്തെ വിശദീകരിക്കാം. ഇത് കേരളത്തിലെത്തിയ അറബി കച്ചവടക്കാർക്കുവേണ്ടി രൂപപ്പെടുത്തിയതാണെന്നും മതപഠനത്തിനുവേണ്ടി ഉണ്ടാക്കിയതാണെന്നും പറഞ്ഞു വരുന്നുണ്ട്. എന്തു തന്നെയായാലും ഇന്നത്തെ അറബിക്കും മലയാളത്തിനും അന്യമായ ഒട്ടേറെ പദങ്ങൾ അറബി മലയാളം നിലനിർത്തുന്നുണ്ട്. അതിൽ ഇന്ന് മലയാളം കൈവിട്ടു കളഞ്ഞ അനേകം പഴയ പദങ്ങൾ ഉണ്ട്. അനേകം പ്രാദേശിക പദ പ്രയോഗങ്ങളും കാണാം. വാമൊഴിയായി നാം പറഞ്ഞുവരുന്ന ഏത് പദങ്ങൾക്കും പ്രയോഗങ്ങൾക്കുമെല്ലാം സാഹിത്യ പദവിയും നൽകിയിട്ടുണ്ട് അറബി മലയാള ഭാഷ. അറബി ഭാഷയോട് മാത്രമല്ല ഇതിന് കടപ്പാട്. ഇതിലെ ഭാഷാ വൈവിധ്യത്തെക്കുറിച്ച് ഒ.അബു. രേഖപ്പെടുത്തുന്നത് ഇങ്ങനെയാണ് "അറബീ, പേർസ്യൻ എന്നീ പൗരസ്ത്യഭാഷകളിലെ പദങ്ങളും, ഉർദു, സംസ്കൃതം തുടങ്ങിയ ഇന്ത്യൻ ഭാഷകളിലെ പദങ്ങളും, തമിഴ്, കന്നടം, തുളു തുടങ്ങിയ ദക്ഷിണേന്ത്യൻ ഭാഷകളിലെ പദങ്ങളും, ചിലപ്പോൾ തത്സമങ്ങളുടെ രൂപത്തിലും, പലപ്പോഴും തത്ഭവങ്ങളുടെ രൂപത്തിലും അറബിമലയാളഭാഷയിൽ വിപുലമായ സ്ഥാനം കരസ്ഥമാക്കീട്ടുണ്ട്. അപ്രകാരം തന്നെ പ്രസ്തുത ഭാഷാ വ്യാകരണങ്ങളും ശൈലികൾപോലും സാന്ദർഭികമായ മാറ്റങ്ങളോടു കൂടിയും അല്ലാതെയും അറബീമലയാളത്തിൽ സ്ഥാനമുറപ്പിച്ചു". (പുറം 7)

അതിൽ വാക്കുകൾ മാത്രമല്ല ശൈലികളും വ്യാകരണ കാര്യങ്ങളും വരെ ചേർന്നിരിക്കുന്നതായി രേഖപ്പെടുത്തുന്നു. എങ്കിലും ഇതൊരു പ്രാദേശിക/ദേശ്യഭാഷയാകുന്നു എന്നു തന്നെയാണീ പുസ്തകത്തിലെ വാദം. അതുപോലെ അറബി മലയാളത്തിന് സ്വതന്ത്ര ഭാഷാ പദവിയുണ്ടെന്ന് വാദിക്കുന്നവരും അറബി മലയാള പണ്ഡിതരിൽ ഉണ്ട്.

അറബി ഭാഷയിലെ ലിപികളെ കൂടാതെ മലയാളത്തിലെ സവിശേഷ വർണ്ണങ്ങൽക്ക് പ്രത്യേകം ലിപികളും ഉണ്ടാക്കിയിട്ടുണ്ട്. സ്വരാക്ഷരങ്ങൾ ചിഹ്നമുപയോഗിച്ചാണ് അറബിയിൽ അടയാളപ്പെടുത്തുന്നത്. അതിൽ അ, ഇ, ഉ ഇവയുടെ ദീർഘങ്ങളും മാത്രമാണ് അറബിയിൽ ഉപയോഗിക്കുന്നതെങ്കിൽ ഒ, ഓ, ഔ, ഐ എന്നിവക്കും ചില്ലിന് സമാനമായതും ദിത്വത്തിന് സമാനമായതുമായ ചിഹ്നങ്ങൾ അറബിമലയാള ഭാഷയിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആകെ 28 അക്ഷരങ്ങളുള്ള അറബി ലിപി മലയാളത്തിലെ ഏത് വാക്കും എഴുതാൻ ഉപയുക്തമായ തരത്തിൽ പരിഷ്ക്കരിച്ചെടുക്കുകയായിരുന്നു. ഇതിന് വലിയൊരു ചരിത്രമുണ്ട്. മക്തി തങ്ങൾ, മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി, വക്കം അബ്ദുൽ കാദർ മൗലവി, ശുജായി മൊയ്തുമുസ്ല്യാർ തുടങ്ങിയ വരാണതിലെ പ്രധാനികൾ. കേരളത്തിലെ മുസ്ലീം നവോത്ഥാനത്തിൽ മുഖ്യ പങ്കു വഹിച്ചവർ തന്നെയാണ് ഇത്തരം ലിപി പരിഷ്ക്കരണത്തിലും അറബി മലയാളത്തെ ജനകീയമാക്കുന്നതിലും പങ്കുവഹിച്ചത് എന്നത് ശ്രദ്ധേയമാണ്.

ഗദ്യ രൂപത്തിലും കാവ്യ രൂപത്തിലും അറബിമലയാളത്തിൽ കൃതികൾ ഉണ്ടായിട്ടുണ്ട്. അതിൽ സാഹിത്യ കൃതികൾ മാത്രമല്ല വൈജ്ഞാനിക ശാസ്ത്ര ഗന്ഥങ്ങളും മതഗ്രന്ഥങ്ങളും ദാർശനിക ചരിത്ര ഗ്രന്ഥങ്ങളും ഉൾക്കൊള്ളുന്നു. കൂടാതെ അനേകം ആനുകാലിക, പ്രസിദ്ധീകരണങ്ങളും ലഘുലേഖകളും അറബി മലയാള ഭാഷയിലുണ്ടായിരുന്നു.

അഷ്ടാംഗ ഹൃദയം പോലുള്ള സംസ്കൃത വിവർത്തന കൃതികൾ കൂടാതെ മറ്റനേകം ചികിത്സാ ഗ്രന്ഥങ്ങളും അറബി മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. സംസ്കൃത പണ്ഡിതന്മാരായ മുസ്ലീം വൈദ്യന്മാരെകുറിച്ച് എൻ.വി.പി ഉണിത്തിരി പല പ്രസംഗങ്ങളിലും പറഞ്ഞു കേട്ടിട്ടുണ്ട്. വൈദ്യം എഴുതി സൂക്ഷിക്കുന്നതിന് സവിശേഷ രീതിതന്നെ അറബി മലയാളത്തിൽ രൂപപ്പെട്ടിരുന്നു. അറബി മലയാള ലിപികളിൽ ചേർത്തെഴുതുന്ന രീതി ഒഴിവാക്കി വേറിട്ട് വേറിട്ട് അക്ഷരങ്ങളായിട്ടായിരിക്കും ഇത്തരം കുറിപ്പുകൾ. അക്കാദമിക് പഠനം സാധ്യമാകാതിരുന്ന പല വൈദ്യർമാർക്കും ഇത്തരം വൈദ്യഗ്രന്ഥങ്ങൾ പഠനത്തിന് സഹായകമായിരുന്നിരിക്കാം. കൂടാതെ *അൽഫത്തുമ്മൽ ഫത്താഹ്* – കുളങ്ങര വീട്ടിൽ സുജായി മൊയ്തു മുസ്ല്യാർ എഴുതിയ ഗ്രന്ഥമാണ്. ആദം മുതൽ 1914

ലെ തുർക്കി ഖലീഫവരെയുള്ള ലോക മുസ്ലീം ചരിത്ര ഗ്രന്ഥമാണിത്. '*കീമിയാസാഅദ്*' ഇമാം ഗസ്സാലി റഹ്മത്തുല്ലഹിന്റെ ഇഹ്യാഉൽ ഉലൂമു ദ്ദീൻ എന്ന കൃതിയുടെ പരിഭാഷ -മുഹമ്മദ് അബ്ദുൽ കാദിൽ മൗലവി. ഇങ്ങനെ അനേകം വൈദ്യ ചരിത്ര ഗ്രന്ഥങ്ങൾ ഈ ഭാഷയിൽ പ്രസിദ്ധീ കരിക്കപ്പെട്ടതായി മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം രേഖപ്പെടു ത്തിയിട്ടുണ്ട്.

പത്രമാസികകൾ

റഫീഖുൽ ഇസ്ലാം, സലാമുൽ ഇഖ്വാൻ, ഹിദായത്തുൽ ഇഖ്വാൻ, അൽ ഇർഷാദ് തുടങ്ങിയവ എല്ലാം അറബ് മലയാളത്തിലിറ ങ്ങിയിരുന്ന പത്രമാസികകളാണ്. വക്കം മൗലവിയെപോലുള്ളവരുടെ അൽ ഇസ്ലാം, കേരളത്തിലെ മുസ്ലീങ്ങളോട് ആദ്യമായി മലയാളം പഠിക്കാൻ അഹ്വാനം ചെയ്ത മക്തി തങ്ങൾ അറബി മലയാളത്തിൽ പ്രസിദ്ധീക രിച്ച *തുഹ്ഫത്തുൽ അഖ്യാൻ* തുടങ്ങിയ പത്രമാസികകൾ കേരളത്തിൽ പലയിടങ്ങളിലും നല്ല പ്രചാരമുള്ളവയായിരുന്നു. നവോത്ഥാന ആശയ ങ്ങളോടൊപ്പം തന്നെ കൊളോണിയൽ വിരുദ്ധ ആശയങ്ങളെയും ജന ങ്ങളിലേക്ക് എത്തിക്കുന്നതിൽ ഈ പത്രമാസികകൾ വലിയ പങ്കു വഹി ച്ചതായി കാണാം. വക്കം മൗലവിയുടെ *അൽ ഇസ്ലാം* പത്ര മാസികയിൽ അറബി മലയാളഭാഷ ഏറെ കഠിനമാണെന്നും അത്ര വിദ്യാഭ്യാസം ലഭി ക്കാത്ത പുരുഷന്മാർക്കും സ്ത്രീകൾക്കും ഇത് മനസ്സിലാക്കാൻ പ്രയാസ മുണ്ടെന്നും അതിനാൽ ഭാഷ ലളിതമാക്കണമെന്നും ആവശ്യപ്പെട്ടുകൊ ണ്ടുള്ള കത്തുകൾ ലഭിച്ചതായി കണ്ടിട്ടുണ്ട്.

സ്ത്രീകൾക്കുവേണ്ടിയുള്ള സവിശേഷ പത്രമാസികകളിലൊ ന്നാണ് *നിസാഉൽഇസ്ലാം* 1929 ലാണ് ഇതാരംഭിക്കുന്നത് (എ.ഡി) കെസി കോമുകുട്ടി മൗലവി. മതാധ്യാപകരായും അനേകം സ്ത്രീകൾ അക്കാല ത്തുണ്ടായിരുന്നു. അധ്യയന ഭാഷയും അറബി മലയാളമായിരുന്നു. ഈ ഭാഷയിലെ ഗദ്യപദ്യ ഗ്രന്ഥങ്ങളും പാഠ്യഭാഗങ്ങളായുണ്ടായിരുന്നു. പല സ്ത്രീകൾക്കും ഈ പാട്ടുകൾ ഹൃദിസ്ഥമാണ്.

ചില പ്രമുഖ ഗ്രന്ഥങ്ങൾ

വൈദ്യം

ജലാജത്തുത്തഫ് ഫാല് (ഗദ്യം), ജലാജുൽ അത് ഫാൽ (ബാല ചികിത്സ), ഉപകാരം (തർജ്ജമ), ഉപകാരസാരം പരോജന ഉദ്ദേശം (ഗദ്യം) ചികിത്സാഗ്രന്ഥം ഇബ്രാഹിം കുട്ടി മുസ്ല്യാർ, തിബ്ബുൽ അംറാൾദ്: വലുതും ചെറുതുമായി രണ്ടിനത്തിൽ പ്രസിദ്ധീകരിച്ചത്, ഫവാ ഇദുൽ മുഫ്റദാത്ത് 500 ഒറ്റമൂലികാ ഫലങ്ങൾ, മഗ്സനത്തുൽ മുഫ്റ ദാത്ത്, മസൂരി ചികിത്സാ കീർത്തനം (പാട്ട്), യുനാനി ചികിത്സാ സാരം (ഗദ്യം), വലിയ

വൈദ്യസാരം, വൈദ്യയോഗ രത്നം, ശഫ ശിഫ എന്ന വിഷ ചികിത്സ

ജ്യോതിഷം

കാല ഗ്രന്ഥം നജൂം കണക്ക്, ഫത്തഹുൽ മാലിക് ഫീ ബയാനിൽ ഫലാക്ക് തർജ്ജമ, നിഘണ്ടുക്കൾ, ഭാഷഭൂഷണം - പര്യായ നിഘണ്ടു, മുജ്ജമുൽ മുഫ്ഹദാത്ത് - അറബി മലയാള നിഘണ്ടു, ഖവാജുൽ മുസ്‌ലിമീൻ - അറബി തമിഴ് നിഘണ്ടു,

ഒറ്റ മൂലി നിഘണ്ടു

ബഹുഭാഷ നിഘണ്ടു - സയ്യിദ് മുഹമ്മദ് കോയതങ്ങൾ

ഈ മേഖലയിലുണ്ടായ സാഹിത്യ സമ്പത്തും ഏറെ വിപുലമാണ് 1883 ലാണ് പേർഷ്യൻ നോവലായ *ചാർദർവേശ്* അറബിമലയാളത്തിൽ പ്രസിദ്ധീകരിച്ചത് എന്നാണ് കണക്കാക്കിയിരുന്നത്. അടുത്ത കാലത്തായി അതിലും മുമ്പുള്ള പതിപ്പും കണ്ടുകിട്ടിയിട്ടുണ്ട്. 1882 ൽ *പുല്ലേലി കുഞ്ഞു*വും 1884 ൽ *കുന്ദലത*യും 1884 *ഇന്ദുലേഖ*യുമാണ് മലയാള നോവലിന്റെ നാൾവഴി. ഇതിൽ *പുല്ലേലി കുഞ്ഞു* മുതൽക്കുതന്നെ നോവൽ ചരിത്രം സ്വീകരിച്ചാലും അതിനു മുമ്പെ അറബിമലയാളത്തിൽ നോവൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട് എന്നാണിത് കാണിക്കുന്നത്. കൂടാതെ *അലാവുദ്ദീൻ, ഗുൽസ നോബർ, ശംസ്സുസമാൻ, ഉമയ്യാർ, അമീർഹംസ, സുബൈദ, ഖിളർ നബിയെകണ്ട നബീസ* തുടങ്ങിയവയെല്ലാം അറബി മലയാളത്തിലിറങ്ങിയ നോവലുകളാണ്.

സബീന ഏടുകൾ എന്നറിയപ്പെടുന്നത് അറബി മലയാള ലിപിയിൽ അച്ചടിച്ച പാട്ടുകളുടെ പുസ്തകങ്ങളാണ്. ഇത് സ്ത്രീകൾ വിശേഷ പുസ്തകമെന്നപോലെ സൂക്ഷിച്ചിരുന്നു. ഇത് വീടുകളിൽ സൂക്ഷിക്കുന്നതും ഐശ്വര്യമായി കണക്കാക്കിയിരുന്നു. എഴുതപ്പെട്ട കൃതികളിൽ ഏറ്റവും പ്രാചീനമെന്ന് വിശ്വസിക്കുന്ന *മുഹ്‌യിദ്ദീൻ മാല* (മൊയ്തീൻ മാല) മുതൽ എഴുതിയതാരെന്നറിയാത്ത അപ്പത്തരങ്ങൾ വർണ്ണിക്കുന്ന പാട്ടുകൾ വരെ ഇതിലുൾപ്പെടുന്നു. പല ചടങ്ങുകൾക്കും സ്ത്രീകൾ കൂട്ടമായിരുന്നു മൊയ്തീൻ മാല പാടിയിരുന്നു. *നഫീസത്തുമാല*യും മൊയ്തീൻ മാലയും പാടിയാൽ സുഖ പ്രസവമുണ്ടാകുമെന്നാണ് വിശ്വാസം. അറബി മലയാള അച്ചടി നിലവിൽ വരുന്നതിന് മുമ്പെ മതപഠന കേന്ദ്രങ്ങളിൽ ഇത്തരം പാട്ടുകൾ അദ്ധ്യയനത്തിന്റെ ഭാഗമായി സ്ത്രീകൾ എഴുതി സൂക്ഷിച്ചിരുന്നു. *വെള്ളപ്പൊക്ക മാല*പോലുള്ള സമകാലീനസംഭവങ്ങളെ അടിസ്ഥാനമാക്കിയുണ്ടാക്കിയ പാട്ടുകളും *കപ്പപ്പാട്ട്* (കപ്പൽപാട്ട്) പോലുള്ള ദാർശനിക കാവ്യങ്ങളും ഇതിൽപെടുന്നു. മനുഷ്യശരീരത്തെ കപ്പലിനോട് അഭേദ്യരുപണം ചെയ്തുകൊണ്ടുള്ള പാട്ടാണിത്.

136 കവികളുടെ പേരുകൾ മഹത്തായ മാപ്പിള പാരമ്പര്യത്തിൽ

പരാമർശിക്കുന്നു. ജനാബ് അബ്ദുൽ സാഹിബ് (കീഴുപറമ്പ്) 43 കവികളുടെ പേരുകൊണ്ടു കെട്ടിയ പാട്ട് ഉണ്ടാക്കിയിട്ടുണ്ട്. ഇതിൽ രണ്ട് സ്ത്രീകളുടെ പേരുകളും കാണാം. പി.കെ ഹലീമയും, സി.എച്ച്. കുഞ്ഞായിശയുമാണ് അവർ. പി.കെ ഹലീമ (1909 – 1959) പൊന്നാനിക്കാരിയാണ് *ചന്ദിരസുന്ദരിമാല, ബദറുൽ മുനീർ ഒപ്പനപ്പാട്ട്, രാജമംഗലം* തുടങ്ങിയവയാണ് പ്രധാന കൃതികൾ ഇതിൽ *ചന്ദിരസുന്ദരിമാല*യാണ് ഏറെ പ്രശസ്തമായത്. ഇതിലെ ചില ഭാഗങ്ങൾ യേശുദാസ് പാടിയിട്ടുണ്ട്.

സി.എച്ച്. കുഞ്ഞായിശയുടെ കൃതികൾ, *കദീജാബീവിയുടെ വഫാത്ത് മാല, ഫാത്തിമത്ത് ബീവിയുടെ വഫാത്ത് മാല ഉമറ് വലിയ കിസ്സപ്പാട്ട്* തുടങ്ങിയവയാണ്. ഇവരെ കൂടാതെ പുത്തൂർ ആമിന, ബീ. ആയിശക്കുട്ടി, കുണ്ടിൽ കുഞ്ഞാമിന, ടി.എ റാബിയ തുടങ്ങിയ അനേകം സ്ത്രീ എഴുത്തുകാരും ഈ പാരമ്പര്യത്തിലുണ്ട്. 2000 ൽ മരണപ്പെട്ട ജമീലാബീവിയാണ് സാമ്പ്രദായിക മാപ്പിളപ്പാട്ടെഴുത്തുകാരിൽ അവസാന കണ്ണിയായി കണക്കാക്കുന്നത്. അവർ 11-ാം വയസ്സിൽ എഴുതിയ കാവ്യമാണ് 'മുസ്ലീം സ്ത്രീകളുടെ ആവലാതി'. മുസ്ലീം സമുദായത്തിനകത്ത് പുരുഷനുള്ള അനിയന്ത്രിതമായ വിവാഹമോചന അധികാരത്തെ ചോദ്യം ചെയ്തുകൊണ്ടുള്ളതായിരുന്നു ആ കവിത. അതുപോലെ ബഹുഭാര്യത്വം സ്ത്രീധന സമ്പ്രദായം തുടങ്ങി പുരുഷന് മേൽക്കൈ ഉള്ള ആചാര സമ്പ്രദായങ്ങളെയെല്ലാം വിമർശിക്കുന്ന പാട്ടുകൾ ജമീലാബീവി എഴുതിയിട്ടുണ്ട്.

മാപ്പിളപ്പാട്ടിലെ സ്ത്രീ ചിത്രീകരണത്തിലും സവിശേഷതകളുണ്ട്. നാലകത്ത് കുഞ്ഞിമൊയ്തീൻ കുട്ടി എഴുതിയ *നഫീസത്ത് മാല* അഉ 760 ൽ മക്കയിൽ ജനിച്ച് മദീനയിൽ വളർന്ന് ഈജിപ്റ്റിലേക്ക് കുടിയേറിയ നഫീസത്ത് ബീവിയെ ക്കുറിച്ചും അവരുടെ അത്ഭുദ സിദ്ധികളെക്കുറിച്ചും പുകഴ്ത്തുന്നതാണ്.

ശെമിഞ്ഞോര് സിറിക്ക് പേറ്റ് നോമ്പലം പിടിത്തെ
ശേഷികേട്ട് രണ്ട് നാൾവരെ ബേജാറിൽ നിലത്തെ
സമയം ഇന്തെ ബീവിപേരിൽ നേർച്ചയെ കുഫത്തെ
സാദിയം മൊഴിമുടിയും മുൻ അവളും പെറ്റു
(പുറം .... 10)

പേറ്റ് നോവു വന്ന ഒരു സ്ത്രീ രണ്ട് ദിവസമായിട്ടും പ്രസവിക്കാതെ വിഷമാവസ്ഥയിൽ ആവുന്നു. നഫീസത്തു ബീവിയുടെ പേരിൽ നേർച്ച (offering)നേർന്നപ്പോൾ ആ വാക്കുകൾ പറഞ്ഞു തീരും മുമ്പെ പ്രസവിക്കുകയും ചെയ്തു. ഇത്തരത്തിൽ നഫീസത്തു ബീവിയുടെ സിദ്ധികളും അത്ഭു പ്രവൃത്തികളുമാണ് ഈ കാവ്യത്തിലുടനീളം. ഇങ്ങനെ ആരാ

ധ്യരായി സ്ത്രീകൾ വരുന്നുണ്ട്. അതുപോലെ ശക്തമായ സ്ത്രൈണാവിഷ്ക്കാരമങ്ങളും കാണാം. അതിന് മികച്ച ഉദാഹരണം 1872 ൽ എഴുതപ്പെട്ട മോയിൻകുട്ടി വൈദ്യരുടെ *ബദറുൽ മുനീർ ഹുസ്നുൽ ജമാൽ* ആണ്. ഭാവനാ പ്രധാനമായ ഒരു കാവ്യമാണെങ്കിൽ കൂടി ഇതിലെ നായികയായ ഹുസ്നുൽ ജമാൽ പ്രണയിക്കുന്നവളും പ്രണയത്തിനുവേണ്ടി വീട് വിട്ടിറങ്ങുന്നവളുമാണ്. വീടുവിട്ടിറങ്ങുന്നതിനുവേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും തയ്യാറെടുപ്പുകളോടെ കുതിരപ്പുറത്തേറി ബദറുൽ മുനീറിനെ കൊണ്ടുപോവാൻ തയ്യാറാവുന്നതുമെല്ലാം ഹുസ്നുൽ ജമാലാണ്. പ്രണയത്തിനു വേണ്ടി വീടുവിട്ടിറങ്ങുകയും മറ്റൊരു രാജ്യത്ത് എത്തിപ്പെട്ട് ഒറ്റക്ക് താമസിക്കുകയും കാമുകനെ അന്വേഷിച്ച് കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്ന സ്ത്രീ കഥാപാത്രം മലയാള സാഹിത്യത്തിൽ ആദ്യം പ്രത്യക്ഷപ്പെട്ടത് അറബി മലയാള സാഹിത്യത്തിലാണ്. ഇനിയുമുണ്ട് അവളുടെ സാഹസിക കഥകൾ. ബഹ്ജർ രാജാവിന്റെ വിവാഹാഭ്യർത്ഥന നിരസിച്ചതിന് പ്രതികാരം ചെയ്യാനെത്തിയ ഭടൻമാരോട് ഒരു ദിവസം മുഴുവൻ ഒറ്റക്കു യുദ്ധം ചെയ്തവൾ അവശേഷിച്ചവർ പേടിച്ചോടി. അവരെ പിന്തുടർന്ന് ഹുസ്നുൽ ജമാൽ രാജകൊട്ടാരത്തിൽ എത്തിയപ്പോൾ രാജാവിന് കൊട്ടാരം വിട്ട് ഓടിപ്പോകേണ്ടിവന്നു. പിന്നീട് ജിന്ന് ലോകത്തിലൂടെയും ഏഴാം കടലിനക്കരെയുള്ള അത്ഭുത ലോകങ്ങളിലൂടെയും അവൾക്ക് കടന്നു പോവേണ്ടി വരുന്നു. മോയിൻകുട്ടി വൈദ്യരുടെ ഹുസ്നുൽ ജമാനിലോട് കിടപിടിക്കുന്ന ഒരു സ്ത്രീ കഥാപാത്രം ഇന്നും മലയാള സാഹിത്യത്തിലുണ്ടോ എന്ന് സംശയമാണ്.

ഇത്തരം പാട്ടുകളുടെ അന്നത്തെ വിപണന രീതിയും പ്രാധാന്യമർഹിക്കുന്നതാണ്. സ്ത്രീകളുപയോഗിക്കുന്ന വള, മാല ചെറിയ ഫാൻസി സാധനങ്ങൾ എല്ലാം വീടുകൾതോറും കൊണ്ടു നടന്നു വിറ്റിരുന്ന ആൾക്കാരുണ്ടായിരുന്നു. അവർ അടുക്കള ഭാഗത്താണെത്തുക. സ്ത്രീകളാണ് പ്രധാന ഉപഭോക്താക്കൾ. അവർ തുണികൊണ്ട് ഭാണ്ഡം കെട്ടി അതിലാണ് ഇവ കൊണ്ടു നടക്കുന്നത്. അവരുടെ കയ്യിൽ ഒരു പ്രത്യേക തുണിക്കെട്ടുകൂടി കാണും അതിലാണ് ഏടുകൾ/സബീന ഏടുകൾ എന്ന് വിളിക്കുന്ന പാട്ടുകൾ വിൽക്കാനായി കൊണ്ടു വരിക. പിന്നെ കോഴിമുട്ട പോലുള്ള വീട്ടുൽപന്നങ്ങൾ കൊണ്ടു നടന്നു വിൽക്കുന്നവരും 'ഏടുകൾ' കൊണ്ട് നടക്കാറുണ്ട്. അതായത് ഇതിന്റെ വിപണന രീതി പോലും സ്ത്രീകളെ ചുറ്റിപറ്റിയാണ് നിൽക്കുന്നത്. അറബിമലയാളത്തിലെ എഴുത്തുകാരായും അവതാരകരായും സ്ത്രീകളുണ്ടായിരുന്നു എന്ന് സ്ഥാപിക്കാനല്ല ശ്രമിക്കുന്നത് മറിച്ച് ഈ സംസ്കാരത്തിന്റെ സംവാഹകർ തന്നെയായിരുന്നു ഇവർ ഏത് മേഖലയിലായാലും സ്ത്രീകളുടെ സാന്നിദ്ധ്യം നമുക്കിവയിൽ കാണാം. മതാധ്യാപനരംഗത്തും ചികിത്സാമേഖലയിലും

ഏല്ലാം സ്ത്രീകൾ സജീവമായി ഇടപ്പെട്ടിരുന്നു.

ഇതിലെ ഭാഷാ സവിശേഷതകളും പ്രത്യേക വിശകലനം ആവശ്യപ്പെടുന്നതാണ്.

ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ നോക്കുമ്പോൾ അറബി ഭാഷയിൽ നിന്നു സ്വീകരിച്ച ധാരാളം സ്വനിമങ്ങൾ (ുവീലാല....) മാപ്പിളപ്പാട്ടിൽ ഉപയോഗിക്കുന്നു. ഇവയിലധികവും മലയാളത്തിൽ പ്രയോഗത്തിലില്ലാത്തതും മലയാള ലിപികളെക്കൊണ്ട് അടയാളപ്പെടുത്താനാകാത്തതുമാണ്. ഉദാഹരണമായി അക്ബർ എന്നതിലെ 'ക', ഖുത്ബ് എന്നതിലെ 'ക'യും 'ത'യും, സവിശേഷ സ്വനിമമാണ്. കഅ്ബം എന്നതിലെ 'അ', അള്ളാഹു എന്നതിലെ 'ള' തുടങ്ങി ധാരാളം സ്വനിമങ്ങൾ അറബിമലയാള ഭാഷക്ക് സവിശേഷമായുള്ളതാണ്.

മറ്റൊരു സവിശേഷത രുപിമങ്ങളുടെ പ്രയോഗത്തിലാണ്. ബഹുവചന രുപങ്ങളായ അറബി പദങ്ങളോടുകൂടി വീണ്ടും ബദ്ധരൂപിമ (bound morpheme) ങ്ങൾ ചേർക്കുന്ന രീതി കാണാം.

ഖുത്ത്ബ് (ഗ്രന്ഥങ്ങൾ)	- ഖുത്ത്ബുകൾ
അസ്ഹാബ്	- അസ്ഹാബോർ
ശുഹദ്	- ശുഹദാക്കൾ
കുഫിറ്	- കുഫിറുകൾ

ബന്ധരൂപിമങ്ങളുടെ പ്രയോഗത്തിൽ പല തരത്തിലുള്ള വ്യത്യാസങ്ങൾ അറബി മലയാളത്തിലുണ്ട്.

കൊടിയുടെ നീളം - കൊടീന്റെ നീളം - ഇവിടെ ഉടെ എന്ന രൂപിമത്തിനു പകരം ന്റെ എന്ന പഴയ രൂപിമമാണ് പ്രയോഗിച്ചിരിക്കുന്നത്. രുപിമങ്ങളിൽ നിന്ന് ചില സ്വനങ്ങളെയും ചിലപ്പോൾ രൂപിമങ്ങളെ അപ്പാടെയും വിട്ടുകളയുന്നു.

നായകൻ - നായൻ - 'ക' എന്ന സ്വനിമം വിട്ടുകളഞ്ഞു ഇതേ വാക്കു തന്നെ നായ എന്നു മാത്രം ഉപയോഗിക്കുന്നു.

"നായ ചന്ദിരനെ കണ്ടടൽ കുടിത്ത്" (മറിയക്കുട്ടിയുടെ കത്ത്) (പുലിക്കോട്ടിൽ ഹൈദർ)

ഭാഷയെ സംബന്ധിച്ച് മാപ്പിളപ്പാട്ടിന്റെ ഏറ്റവും വലിയ സവിശേഷതയായി നിരീക്ഷിക്കപ്പെട്ടിട്ടുള്ളത് ഇതര ഭാഷ പദങ്ങളാണ്. ഇവ മലയാള പ്രത്യങ്ങളെ ചേർത്തോ, തികച്ചും മലയാളീകരിച്ചോ ആണ് പാട്ടിലുപയോഗിക്കുന്നത്. ബോൽ എന്ന ഹിന്ദി വാക്ക് ബോലൂന്നു - പറയുന്നു എന്നർത്ഥത്തിലാണുപയോഗിക്കുന്നത്. ലൈൽ എന്ന അറബി വാക്ക് പാതി ലൈലിൽ - എന്ന് അർദ്ധരാത്രിയിൽ എന്ന അർത്ഥത്തിലുപയോ

ഗിക്കുന്നു.

പഴയ മലയാളത്തിന്റെ സവിശേഷതകൾ പലതും മാപ്പിളപ്പാട്ടിൽ നിലനിൽക്കുന്നു. അനുനാസികാതിപ്രസരം വരാത്ത രൂപങ്ങളാണധികവും പാട്ടിൽ ഉപയോഗിക്കുന്നത്.

തെളിന്ത്, മൊളിന്ത്, കനിന്ത് എന്നിങ്ങനെ താലവ്യാദേശം വരാത്ത രൂപങ്ങളും ഇതിൽ കാണാം. കുടിത്തെ – കുടിച്ചെ , ധരിത്തു മികൈത്തു എന്നിങ്ങനെ പുരുഷ ഭേദ നിരാസം വരാത്ത രൂപങ്ങളും മാപ്പിളപ്പാട്ടിൽ പ്രയോഗത്തിലുണ്ട്. മാനിയാൾ മാനിതൻ മൈക്കണ്ണിയാൾ പങ്കജമാൾ പെണ്ണാൾ എന്നിങ്ങനെയുള്ള രൂപങ്ങളും കൂടി വരുമ്പോൾ കേരള പാണിനി പറഞ്ഞ പഴയമലയാളത്തിന്റെ സവിശേഷതകൾ വലിയളവിൽ നിലനിർത്തുന്നവയാണ് മാപ്പിളപ്പാട്ടുകൾ എന്നു കാണാം

പഴയ മലയാള വ്യാകരണകാര്യങ്ങൾ മാത്രമല്ല ഇന്ന് മലയാളത്തിൽ പ്രയോഗത്തിലില്ലാതെ പോയ അനേകം പ്രാദേശിക ഭാഷാ പ്രയോഗങ്ങളെയും നില നിർത്തുന്നത് ഈ കാവ്യങ്ങളാണ്.

വാക്ക് ഏത് ഭാഷയിലുള്ളതാണ് അതിന്റെ വ്യാകരണ സാധുത എന്താണ് ഇതൊരിക്കലും മാപ്പിളപ്പാട്ടുകാർ വകവെച്ചിട്ടില്ല. പറയാനുദ്ദേശിച്ചകാര്യം ഫലപ്രദമായി കേൾവിക്കാരിലേക്ക് /വായനക്കാരിലേക്കെത്തിക്കാൻ ഏതാണ് ഉചിതമായ മാർഗ്ഗം അതവർ സ്വീകരിക്കുന്നു. അർത്ഥരഹിതമായ ചില പദ പ്രയോഗങ്ങൾ കൊണ്ടുപോലും ആവിഷ്ക്കരിക്കുന്ന ഭാവത്തെ മിഴിവുറ്റതാക്കാൻ അവർക്കു കഴിയും. ഈയിടെ *സുലൈഖ മൻസിൽ* എന്ന സിനിമയിൽ ഉപയോഗിച്ച ടി.കെ കുട്ട്യാലി രചന നിർവ്വഹിച്ച പാട്ടിലെ വരികൾ ഇങ്ങനെയാണ്.

വാള് പരിച ഉറുമി പന്തം
വീശിടുമ്പോൾ എന്തൊരുചന്തം
ജിൽ ജിൽ ജിൽ ജലി ജലി
ജലിക്കുമ്പോൾ
ഹിൽ ഹിൽ ഹിൽ, ഹിൽ ഹിൽ ഹിൽ
മിൽ മിൽ മിൽ, സസ്സാസ രി ര്രി രി
ഗ ഗ്ഗ ഗ, മ മ്മ മ
എന്നിങ്ങനെ തുടർന്ന് പോവുകയാണ്.

ഇവിടെ ഒരു കല്യാണ വർണ്ണന ചടുല നൃത്തതാളത്തിലേക്കും അതിലൂടെ യുദ്ധ വർണ്ണനയിലേക്കും കടക്കുന്നു. ജിൽ ജിൽ എന്നതിൽ ജ്വലനത്തിന്റെ കാഴ്ച അനുഭവമുണ്ട്. തുടർന്ന് വരുന്ന വാക്കുകളെല്ലാം അവിടുത്തെ കാഴ്ചകളെയും അവരുടെ നൃത്ത താളത്തെയും സജീവ അനുഭവമാക്കി നമുക്ക് തരുന്നവയുമാണ്. ഇങ്ങനെ ക്രിയാത്മകമായി

ഭാഷയെ എങ്ങനെ പ്രയോജനപ്പെടുത്താമോ അത്തരത്തിലെല്ലാം ഇവർ ഇതിന്റെ സാധ്യതകൾ തേടുന്നു. ഭാഷ ഞങ്ങൾ ഉപയോഗിക്കുന്നു. അർത്ഥം വേണമെങ്കിൽ നിങ്ങൾ ഉണ്ടാക്കിയെടുത്തോളൂ. എന്നതാണി തിലെ നിലപാട്. ഇത് പിൽക്കാലത്ത് വന്ന പട്ടാണെങ്കിലും ഇതിലും ഭാഷാ സ്വച്ഛന്ദ്യം കാണാം എന്നു പറയാനാണീ പാട്ടുതന്നെ ഉദാഹരിച്ച ത്. മോയിൻകുട്ടി വൈദ്യരുടെ കവിതകളിലെ ഒരു യുദ്ധ വർണ്ണന ഇങ്ങ നെയാണ്.

അനുദിന കദർപദി ബദർപട സ്വഹബുകൾ
ചിങ്കങ്ങൾ പൊർക്കപൊത്ത് അരുവ്
എത്തിപ്പെട്ടാനോ ഖുറൈസികൾ
ഹളരിലെ നളറിടൈ ഇരഹരഹരി ഹരി ദന്ദം
പാതിപിത്ത് അച്ചിച്ചുകപിത്ത് ചാടിപിടിപെട്ട പ്രദി
പൂർണ്ണാ (1165)

ബദറിൽ പൊരുതിയ സ്വഹാബീകളാകുന്ന നിത്യസൂര്യന്മാർ താമ സിക്കുന്ന ഗുഹകൾക്കു സമീപം ഖുറൈശികൾ എത്തിപ്പെട്ടു. മുമ്പിൽ വന്നുപെട്ട ഇരയെ കണ്ട് ഹരം കയറിയ സിംഹത്തെപോലെ സഹാബി മാർ പല്ലുഞെരിച്ചു. കണ്ണുചുവപ്പിച്ചു. ശത്രുക്കളെപ്പിടികൂടി (1169) എന്നാ ണിതിന്റെ വ്യാഖാനം കൊടുത്തിട്ടുള്ളത്.

ഇതിൽ സുര്യനുപയോഗിച്ച വാക്ക് കദർ പദി – കതിർ പതി – കതിരോൻ – സൂര്യൻ എന്ന അർത്ഥത്തിലേക്ക് കൊണ്ടുവരാം. ചിങ്കങ്ങൾ പൊർക്കപൊത്ത് എന്ന വാക്ക് സിംഹത്തിന്റെ ഗുഹയെക്കുറിക്കുന്നതാ ണ്. ‘പൊറുക്കുന്ന പൊത്ത്’ എന്നാൽ ഗുഹ എന്നതിലേക്കെത്തും ഇങ്ങനെ സന്ദർഭം ആവശ്യപ്പെടുന്ന തരത്തിൽ ഭാഷ നോക്കാതെ വാക്കു കളുപയോഗിച്ചു അല്ലെങ്കിൽ അവർക്കാവശ്യമായ തരത്തിൽ ഭാഷ സൃഷ്ടിച്ചു. ഇങ്ങനെ അപരിചിതമായ വാക്കുകൾ ഏറെ കടന്നു വരുന്ന തുകൊണ്ടാകാം ഉള്ളൂർ മാപ്പിളപ്പാട്ടിന് ശബ്ദ ശുദ്ധി കുറവാണെന്ന് വിധി ച്ചത്.

“മാപ്പിള മലയാള കൃതികൾക്ക് അറബഭാഷാസംക്രമണം മൂലവും മറ്റും ശബ്ദ ശുദ്ധി കുറയുമെങ്കിലും സംഗീതാത്മകത ധാരാളമുണ്ട്”.(269)

നിലവാരപ്പെട്ട ഭാഷയെക്കുറിച്ചുള്ള സങ്കൽപ്പങ്ങളാവും ഒരു സാഹിത്യ ചരിത്രത്തിൽ പ്രമുഖമാവുക. അപ്പോൾ ശബ്ദ ശുദ്ധി കുറ യുന്നു എന്നെഴുതുന്നതിൽ ഒരു അത്ഭുതവും ഇല്ല. ഉള്ളൂർ പറയുന്ന സംഗീ തത്മകത തന്നെയാണ് മാപ്പിളപ്പാട്ടിന്റെ ജീവൻ.

മാപ്പിളപ്പാട്ടിലെ സംഗീതം ഇശൽ എന്നറിയപ്പെടുന്ന. തൊങ്കൽ, ചായൽ (ചായിപ്പ്) മുറുക്കം, കൊമ്പ്, യമൻ കെട്ട്, വിരുത്തം, കെസ്സ്, അക

ബലിപ്പ്, ആകാശം ഭൂമി, വമ്പ് തുടങ്ങി അഞ്ഞൂറിലധികം ഈണങ്ങൾ മാപ്പിളപ്പാട്ടിലുണ്ട്. അതിൽ തന്നെ ഓരോ ഇശലിലും ചെറിയ കയറ്റിറക്കങ്ങൾ കൊണ്ട് സൃഷ്ടിക്കുന്ന താളവൈവിധ്യവും ഉണ്ട്. ചായൽ എന്ന ഇശൽ ചിന്ത് ചായിപ്പ്, പൊൻചായിപ്പ്, എന്നിങ്ങനെ വക ഭേദങ്ങളുണ്ട്. മുറുക്കം എന്ന ഇശൽ ഇടമുറുക്കം, ഇരട്ട മുറുക്കവുമെല്ലാം ആകും. വിരുത്തം എന്നത് ചെറുവിരുത്തവും അരബിരുത്തവും കവി വിരുത്തവും ഒറ്റ വിരുത്തവുമെല്ലാംമായി അനന്ത വൈവിധ്യങ്ങളുണ്ട്. ഇങ്ങനെ പാട്ടുകാർക്ക് ഒരു ഇശലിൽ തന്നെ അനേകം താള വൈവിധ്യങ്ങളുണ്ട്. ചില കാവ്യങ്ങൾ പ്രശസ്തമായിക്കഴിഞ്ഞാൽ അവയുടെ പേരിലായിരിക്കും പിന്നീടാ ഇശൽ അറിയപ്പെടുന്നത്. 'അമ്മായിപ്പാട്ട്' ഒപ്പനയിലെ ചായൽ ഈണമാണ്. ആദിമുതൽ പുരാണം ഇതേ വരികളിലാരംഭിക്കുന്ന അജ്ഞാത കർത്തൃകമായ ഒരു പാട്ടാണ്. ഇതും ചായൽ വിരുത്തമാണ്. പൂമകളാണെ, കണ്ടാറക്കട്ടുമ്മൽ തുടങ്ങിയ ഇശൽ നാമങ്ങൾ മോയിൻക്കുട്ടി വൈദ്യരുടെ കവിതകളിലൂടെ പ്രശസ്തമായ പാട്ടുകളാണ് . ഈണം തിരിച്ചറിയുന്നതിനുള്ള സൗകര്യം കൂടിയാവാം ഇതിൽ പരിഗണിക്കുന്നത്. കൂടാതെ മലായള വൃത്ത സൂചനയുള്ളതും കേരളത്തിലെ കലാരൂപങ്ങളുമായി ബന്ധപ്പെട്ട ഇശൽ നാമങ്ങളും കാണാം. കവി, ഇരട്ടകവി തുദി, ചിന്ത്, കുമ്മി, കുറത്തി, പദം, ചെമ്പക, വിരുത്തം ഇവയെല്ലാം മാപ്പിള പ്പാട്ടിലെ ഇശലുകളാണ്. കുറത്തിപ്പാട്ട് എന്ന പേരിൽ തന്നെ ഒരു ചെറുകാവ്യം കുറത്തി ഇശലിൽ ഉണ്ട്. കൈനിക്കര സി.എ ഹസൻകുട്ടിയുടേതാണ് ഈ രചന.

ചിച്ചിലെന്നും ചില്ചിലെന്നും കാല്പടത്തിന്റോശ
ഓശകേട്ടിമാമലിയാർ പിന്തിരിഞ്ഞ് നോക്കി
നോക്കും നേരം കുറത്തി തന്റെ വരവലിയാർ കണ്ടേ
എന്ത് കണ്ട് നിപ്പേൻ അലി ഏത് കണ്ട് നിപ്പേൻ
കുറത്തി ഞാനും ഒന്ന് പെറ്റാൽ പത്ത്പെറ്റ മേനി
ഫാത്തിമാബി പത്ത് പെറ്റാൽ ഒന്ന് പെറ്റ മേനി.

ഇതിൽ ഈണം മാത്രമല്ല സന്ദർഭവും പ്രധാനമാണ്. ഇമാം അലിയും കുറത്തിയും തമ്മിലുള്ള ഒരു സംഭാഷണമാണ് ഈ കവിത.

ഈണത്തിന്റെ ചടുലതയും അസ്വാദ്യതയും കാലാതീതമായി നിലനിൽക്കുന്നതു തന്നെയെന്ന് ഇപ്പോൾ പ്രശസ്തമായ മാപ്പിളപ്പാട്ടുകൾ തെളിയിക്കുന്നു. ഈയിടെ തിയേറ്ററുകളിൽ ഹിറ്റായിമാറിയ *തല്ലുമാല* എന്ന സിനിമയിലെ "പച്ചക്കുളം പള്ളീൽ ...... " എന്നു തുടങ്ങുന്ന പാട്ട് അറബിമലയാളത്തിന്റെ ഏഴുത്തിന്റെ പാരമ്പര്യത്തിൽ കണ്ടെടുക്കപ്പെട്ടതിൽ ഏറ്റവും പ്രാചീന കൃതിയായ *മുഹ്‌യുദ്ദീൻ മാല*യുടെ ഈണമാണ്. അതിനെ പുതിയ സംഗീത ഉപകരണങ്ങളുടെയും മറ്റും സഹായ

ത്തോടെ വിഷ്ണുവിജയ് ആണ് പുനരവതരിപ്പിക്കുന്നത്. യുവതലമുറയെ വളരെയധികം സ്വാധീനിച്ച പട്ടാണിത് എന്നതും ശ്രദ്ധേയമാണ്. ഒരിക്കൽ മതപരമായ ചടങ്ങുകൾക്കുപയോഗിച്ചിരുന്ന മുസ്ലീങ്ങളുടെ നിത്യ പാരായണ കാവ്യമായിരുന്നു *മുഹ്‌യുദ്ദീൻ മാല.* അന്ന് ഭക്തിയോടെ മതപരമായ ചടങ്ങുകളിൽ ആണിത് പാടിയിരുന്നെങ്കിൽ ഇന്ന് യുവാക്കൾ ആനന്ദ നൃത്തം ചവിട്ടാനും അവരുടെ സ്ഫോടനാത്മകമായ ആശയങ്ങളവതരിപ്പിക്കുന്ന റീലുകളിലും ആണ് ഇത് പ്രയോജനപ്പെടുത്തുന്നത്. ഇത് കാലാതിവർത്തിയായ മാപ്പിളപ്പാട്ടിന്റെ സ്വീകാര്യത മാത്രമല്ല കാണിക്കുന്നത്. ആധുനികം/പ്രാചീനം എന്നിവയെ വിരുദ്ധ ദ്വന്ദങ്ങളായി കാണുന്ന സംഗീത സങ്കല്പത്തെയും മാപ്പിളപ്പാട്ടിനെക്കുറിച്ചുള്ള മുൻധാരണകളെയും അട്ടിമറിക്കുകതന്നെയാണീപ്പാട്ടുകൾ.

സഹായക ഗ്രന്ഥങ്ങൾ

അബു ഒ., (1970) *അറബിമലയാള സാഹിത്യ ചരിത്രം*, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം.

അബൂബക്കർ പി.എ. (2018) *അറബിമലയാളം മലയാളത്തിന്റെ ക്ലാസിക്കൽ ഭാവങ്ങൾ*. കൊണ്ടോട്ടി: മോയീൻ കുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി.

കുട്ടി വി.എം (2014) *മാപ്പിളപ്പാട്ടിന്റെ ലോകം*, കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്

ഉള്ളൂർ എസ്. പരമേശ്വരയ്യർ (1990) *കേരള സാഹിത്യ ചരിത്രം വാല്യം-I*

മുഹമ്മദ് അബ്ദുൽകരീം കെ.കെ (1978) *മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം,* അഹമ്മദ് മൗലവി സി.എൻ. കൊണ്ടോട്ടി: മോയീൻ കുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി.

മുഹമ്മദാലി വി.പി, (2007) *മാപ്പിളപ്പാട്ടുകൾ നൂറ്റാണ്ടുകളിലൂടെ,* തൃശ്ശൂർ: കറന്റ് ബുക്സ്.

ബാലകൃഷ്ണൻ വള്ളിക്കുന്ന് (2011) *മാപ്പിള സാഹിത്യപഠനങ്ങൾ,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിട്യൂട്ട്

മുഹമ്മദ് അഹമ്മദ് ബി (2006) *മാപ്പിള ഫോക്‌ലോർ*, കണ്ണൂർ: സമയം പബ്ലിക്കേഷൻ

മോയിൻകുട്ടി വൈദ്യർ (2005) *മഹാകവി മോയിൻകുട്ടി വൈദ്യരുടെ സമ്പൂർണ്ണ കൃതികൾ* Vol.2, കൊണ്ടോട്ടി: മഹാകവി മോയിൻകുട്ടി വൈദ്യമാപ്പിളകലാ അക്കാദമി.

ഷംഷാദ് ഹുസൈൻ കെ.ടി

പ്രൊഫസർ മലയാള വിഭാഗം

ശ്രീശങ്കാരാചാര്യ സംസ്കൃത സർവ്വകലാശാല

പ്രാദേശിക കേന്ദ്രം തിരൂർ

Pin: 676 301

India

email: shamshadkt@ssus.ac.in

ORCID: 0000-0002-2757-3575